**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1660

01.11.2019 ൽ മറുപടിയ്ക്ക്

**വള്ളിക്കുന്ന്, മൂന്നിയൂർ, പള്ളിക്കൽ ഗ്രാമപഞ്ചായത്തുകളുടെ വിഭജനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി :** | | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) | |
| (എ) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന്, മൂന്നിയൂർ, പള്ളിക്കൽ ഗ്രാമപഞ്ചായത്തുകളെ വിഭജിച്ചുകൊണ്ട് യഥാക്രമം അരിയല്ലൂർ, വെളിമുക്ക്, കരിപ്പൂർ എന്നീ മൂന്നു ഗ്രാമപഞ്ചായത്തുകൾ കൂടി രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ, ഭൂമിശാസ്ത്രപരമായ ഘടന, തനതു വരുമാനം തുടങ്ങി സർക്കാർ നിശ്ചയിക്കുന്ന ഏതു മാനദണ്ഡപ്രകാരവും പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ വിഭജിക്കേണ്ടത് അത്യാവശ്യമാണ് എന്ന് കരുതുന്നുണ്ടോ; പ്രസ്തുത പഞ്ചായത്തുകളുടെ വിഭജനത്തിന് നടപടി സ്വീകരിക്കുമോ; | (ബി) | 27,430 ൽ അധികം ജനസംഖ്യ, 32 ച.കി. മീറ്ററിലധികം വിസ്തീർണ്ണം, 50 ലക്ഷം രൂപയിൽ അധികം തനതു വരുമാനം, ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കു പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്ന തിനുള്ള സൗകര്യം, ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ, രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ വലുപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത, ഭരണപരമായ സൗകര്യം എന്നീ |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ അടിസ്ഥാമാക്കി ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നത്/ രൂപീകരിക്കുന്നത് പരിശോധിച്ചു വരുന്നു. |
| (സി) | 2015-ൽ പ്രസ്തുത മൂന്നു ഗ്രാമപഞ്ചായത്തുകളും വിഭജിച്ചുകൊണ്ട് മൂന്ന് ഗ്രാമപഞ്ചായത്തുകൾ കൂടി രൂപീകരിക്കാൻ പഞ്ചായത്തുകൾ തീരുമാനം എടുത്തുകൊണ്ട് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ; | (സി) | പ്രസ്തുത മൂന്നു ഗ്രാമപഞ്ചായത്തുകളും വിഭജിച്ചുകൊണ്ട് തത്വത്തിൽ തീരുമാനമെടുത്തിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരങ്ങൾ പരിശോധിച്ച് ബഹു. ഹൈക്കോടതി സർക്കാരിന്റെ തീരുമാനം റദ്ദാക്കിയിട്ടുണ്ട്. |
| (ഡി) | പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ട ഡിലിമിറ്റേഷൻ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ; സമിതിയംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ? | (ഡി) | പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ട് ഡീലിമിറ്റേഷൻ കമ്മിറ്റി ഇപ്പോൾ നിലവിലില്ല. |

Prabhakaran

**സെക്ഷൻ ഓഫീസർ**